**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1001** **10-06-2021 - ൽ മറുപടിയ്ക്ക്**

**പാട്ടഭൂമിയും പാട്ടക്കുടിശ്ശികയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | **Shri. K. Rajan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ സ്ഥാപനങ്ങളും വ്യക്തികളും പാട്ടത്തിന് കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ പാട്ടവ്യവസ്ഥ ലംഘിച്ചതും, പാട്ടക്കാലാവധി കഴിഞ്ഞതുമായ ഭൂമി തിരിച്ച് പിടിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | സംസ്ഥാനത്ത് വിവിധ സ്ഥാപനങ്ങളും വ്യക്തികളും പാട്ടത്തിന് കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ പാട്ടവ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതും, പാട്ടക്കാലാവധി കഴിഞ്ഞതുമായ കേസുകളിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | 31-3-2021-ലെ കണക്ക് പ്രകാരം പാട്ടക്കുടിശ്ശികയായി പിരിഞ്ഞു കിട്ടുവാനുള്ള തുക എത്രയാണ്; പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏറ്റവും കൂടുതൽ പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തി/ സ്ഥാപനം ഏതാണ്; | (ബി) | വിവരം ശേഖരിച്ച വരുന്നു. |
| (സി) | മുൻ സർക്കാരിന്റെ കാലയളവിൽ പാട്ടക്കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനായി ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതി വിജയപ്രദമായിരുന്നോ; ആയത് പ്രകാരം എത്ര ലക്ഷം രൂപ പിരിഞ്ഞ് കിട്ടി യിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വിജയകരമായിരുന്നു. ആയതുപ്രകാരം 1,94,35,908/- രൂപ (ഒരു കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി മുപ്പത്തയ്യായിരത്തി തൊള്ളായിരത്തി എട്ട് രൂപ മാത്രം) പിരിഞ്ഞ് കിട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ